ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:03.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോള ഭരണനിർവഹണത്തിൽ വിശ്വസനീയവും ഫലപ്രദവുമായ പരിഷ്കാരങ്ങൾക്കായി ഗ്ലോബൽ സൗത്തിൻറെ പ്രാതിനിധ്യം വർധിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അഞ്ച് രാഷ്ട്രങ്ങളിൽ സന്ദർശനം തുടരുന്ന പ്രധാനമന്ത്രി ഇന്ന് രാത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തും.

   Prime Minister Narendra Modi calls for increased representation of the Global South for credible and effective reforms in global governance. The Prime Minister, who is continuing his five-nation visit, will arrive in Trinidad and Tobago tonight.

2. ഭീകരതയ്ക്കെതിരെ കൂടുതൽ ഏകീകൃതമായ സമീപനം ആഗോള തലത്തിൽ ഉണ്ടാകണമെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ.

   External Affairs Minister S. Jaishankar calls for a more unified approach to counter terrorism at the global level.

3. കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നുവീണ് സ്ത്രീ മരിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ആശുപത്രി സന്ദർശിച്ചു. സംഭവത്തിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ട് മന്ത്രി വീണാ ജോർജ്.

Woman dies after building collapses at Kottayam Medical College. Chief Minister Pinarayi Vijayan visits the hospital. Minister Veena George asks for an investigation report into the incident.

4. കോവിഡ് വാക്സിനുകളും പെട്ടെന്നുള്ള ഹൃദയാഘാത മരണങ്ങളും തമ്മിൽ ബന്ധമില്ലെന്ന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്.

All India Institute of Medical Sciences says there is no link between Covid vaccines and sudden cardiac deaths.

5. ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് മികച്ച സ്കോർ. ദേശീയ സബ് ജൂനിയർ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പിന് ഝാർഖണ്ഡിൽ തുടക്കം.

India scores best against England in Birmingham cricket test. National Sub-Junior Women's Hockey Championship begins in Jharkhand.

***********************

## EVE PM VISIT-GHANA (INTRO)

ആഗോള ഭരണനിർവഹണത്തിൽ വിശ്വസനീയവും ഫലപ്രദവുമായ പരിഷ്കാരങ്ങൾ ആവശ്യമാണെന്നും പുരോഗതി കൈവരിക്കാൻ ഗ്ലോബൽ സൗത്തിൻറെ പ്രാതിനിധ്യം വർധിപ്പിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഘാന പാർലമെന്റിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. "ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി" എന്ന ഇന്ത്യയുടെ ജി 20 ദർശനം പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ത്യയുടെ വൈവിധ്യമാർന്ന ഭൂപ്രകൃതി, ഭാഷാഭേദങ്ങൾ, ജനസംഖ്യാപരമായ നേട്ടങ്ങൾ

തുടങ്ങിയവ ശ്രീ മോദി ചൂണ്ടിക്കാട്ടി. മൂന്നിലൊന്ന് സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്ന ഇന്ത്യയുടെ പുതിയ പാർലമെന്റ് കാണാനും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യത്തെ" നിർവചിക്കുന്ന ചർച്ചകൾക്ക് സാക്ഷ്യം വഹിക്കാനും പ്രധാനമന്ത്രി, ഘാന എംപിമാരെ ക്ഷണിച്ചു.

(Hold Voice)

**********************

## DAY PM TRINIDAD AND TOBAGO

അഞ്ച് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തും. ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. സന്ദർശന വേളയിൽ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ പ്രധാനമന്ത്രി, അഭിസംബോധന ചെയ്യും. പോർട്ട് ഓഫ് സ്പെയിനിൽ ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തിലും അദ്ദേഹം സംസാരിക്കും. വ്യാപാരം, പ്രതിരോധം, ഡിജിറ്റൽ പരിവർത്തനം എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിൽ കൂടുതൽ സഹകരണത്തിന് സന്ദർശനം വഴിയൊരുക്കും.

**********************

## Modi - Kwame Nkrumah Memorial Park

ഘാന വൈസ് പ്രസിഡന്റ് ജെയ്ൻ നാന ഒപോകു-അഗ്യേമാങ്ങിനൊപ്പം പ്രധാനമന്ത്രി മോദി ഇന്ന് അക്രയിലെ ക്വാമി എൻക്രുമ മെമ്മോറിയൽ പാർക്ക് സന്ദർശിച്ചു. പ്രമുഖ ഘാന നേതാവ് ഒസാഗ്യെഫോ ക്വാമെ എൻക്രുമയ്ക്ക് സമർപ്പിച്ചിരിക്കുന്നതാണ് ഈ സ്മാരകം.

**********************

## REV. JAISHANKAR-WEST (INTRO)

ഭീകരതയ്ക്കെതിരെ കൂടുതൽ ഏകീകൃതമായ സമീപനം ആഗോള തലത്തിൽ ഉണ്ടാകണമെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. വാഷിംഗ്ടണിൽ നടന്ന മാധ്യമസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭീകരതയെക്കുറിച്ചുള്ള

ഇന്ത്യയുടെ നിലപാടിനെ പിന്തുണയ്ക്കാത്തതിന് പാശ്ചാത്യ രാജ്യങ്ങളെ കേന്ദ്രമന്ത്രി ചോദ്യം ചെയ്തു. രാജ്യത്തിനകത്തും പുറത്തും ഉണ്ടായ ഭീകരാക്രമണങ്ങളിൽ ഇന്ത്യ ഒരേ നിലപാടാണ് സ്വീകരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(Hold Voice)

ഇന്ത്യ, പാകിസ്ഥാൻ വെടിനിർത്തലുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ വ്യക്തമാണെന്നും ഇത് സംബന്ധിച്ച് രണ്ട് രാജ്യങ്ങളിലെയും DGMO മാർ തമ്മിൽ കൂടിയാലോചനകൾ നടന്നുവെന്നും വിദേശകാര്യമന്ത്രി പറഞ്ഞു.

***********************

## RIJIJU- PARLIAMENT SESSION

പാർലമെൻറിൻറെ വർഷകാല സമ്മേളനം ഈ മാസം 21ന് ആരംഭിക്കും. അടുത്തമാസം 21 വരെ നീളുന്ന സമ്മേളനം വിളിച്ചുചേർക്കാനുള്ള സർക്കാരിൻറെ നിർദ്ദേശം രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകരിച്ചതായി പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു.

**********************

## RAJNATH-DAC

പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിലുള്ള ഡിഫൻസ് അക്വിസിഷൻ കൗൺസിൽ, ഒരു ലക്ഷം കോടിയിലധികം വരുന്ന തദ്ദേശീയ പ്രതിരോധ ഉൽപ്പന്നങ്ങളുടെ ഏറ്റെടുക്കലിന് അംഗീകാരം നൽകി. ആർമേർഡ് റിക്കവറി വെഹിക്കിളുകൾ, ഇലക്ട്രോണിക് വാർഫെയർ സിസ്റ്റം, ട്രൈ-സർവീസുകൾക്കായുള്ള ഇന്റഗ്രേറ്റഡ് കോമൺ ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം, സർഫസ്-ടു-എയർ മിസൈലുകൾ എന്നിവ വാങ്ങിക്കുന്നതിനാണ് അംഗീകാരം ലഭിച്ചത്.

**********************

## AIIMS COVID DEATH (FOR PARKARMA)

കോവിഡ് വാക്സിനുകളും പെട്ടെന്നുള്ള ഹൃദയാഘാത മരണങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്. കോവിഡ് വാക്സിനുകൾ ഫലപ്രദമാണെന്നും മരണനിരക്ക് കുറയ്ക്കുന്നതിൽ നിർണായക

പങ്ക് വഹിച്ചിട്ടുണ്ടെന്നും ഡൽഹി എയിംസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. കരൺ മദൻ പത്രസമ്മേളനത്തിൽ പറഞ്ഞു. കോവിഡ് വാക്സിനുകൾ സ്വീകരിച്ചവർക്ക് പെട്ടെന്നുള്ള ഹൃദയാഘാത സാധ്യത കുറവാണെന്ന് ഐസിഎംആറും എയിംസും നടത്തിയ പഠനം

ചൂണ്ടികാട്ടുന്നുവെന്ന് കാർഡിയോളജി വിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ. രാജീവ് നരംഗ് പറഞ്ഞു.

**********************

## AXIOM 4-STUDY

ആക്സിയം സ്പേസ് മിഷൻ-4 ന്റെ ഭാഗമായ ഇന്ത്യൻ ബഹിരാകാശ സഞ്ചാരിയായ ക്യാപ്റ്റൻ ശുഭാംശു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ഓർബിറ്റൽ ലാബിൽ ബ്രെയിൻ-കമ്പ്യൂട്ടർ ഇന്റർഫേസ് വികസനവുമായി ബന്ധപ്പെട്ട പഠനം നടത്തിയതായി യുഎസ് ബഹിരാകാശ ഏജൻസിയായ നാസ അറിയിച്ചു. ബ്രെയിൻ-കമ്പ്യൂട്ടർ ഇന്റർഫേസുകൾ നിർമ്മിക്കുന്നതിനായി നിയർ-ഇൻഫ്രാറെഡ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് 'Thoughts over Gravity' എന്ന് വിളിക്കുന്ന പരീക്ഷണം നടത്തുന്നത്.

**********************

## PAK- SOCIAL MEDIA BAN

പാകിസ്ഥാൻ നടന്മാരുടെയും ക്രിക്കറ്റ് കളിക്കാരുടെയും സാമൂഹ്യമാധ്യമ അക്കൗണ്ടുകൾ ഇന്ത്യയിൽ വീണ്ടും നിരോധിച്ചു. ഇന്ത്യാ വിരുദ്ധ പ്രചാരണവും പ്രകോപനപരമായ ഉള്ളടക്കവും പ്രചരിപ്പിച്ചതിന് നിരവധി പാകിസ്ഥാൻ യൂട്യൂബ് ചാനലുകളും സോഷ്യൽ മീഡിയ അക്കൗണ്ടുകളും സർക്കാർ നേരത്തെ തടഞ്ഞിരുന്നു. ഇതിന്റെ തുടർച്ചയായാണ് ഇപ്പോഴത്തെ നടപടി. പാകിസ്ഥാനിൽ നിന്നുള്ള ഒടിടി പ്ലാറ്റ്ഫോമുകൾക്കും മീഡിയ സ്ട്രീമിംഗ് സേവനങ്ങൾക്കും, വെബ് സീരീസുകൾ, സിനിമകൾ, ഗാനങ്ങൾ, പോഡ്കാസ്റ്റുകൾ, മറ്റ് മീഡിയ ഉള്ളടക്കം എന്നിവയും നിർത്തലാക്കാൻ സർക്കാർ നിർദ്ദേശം നൽകി.

**********************

## Kottayam Medical College

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ പഴയ കെട്ടിടം തകർന്നുവീണ് സ്ത്രീ മരിച്ചു. തലയോലപ്പറമ്പ് സ്വദേശിനി ബിന്ദുവാണ് മരിച്ചത്. അത്യാഹിത വിഭാഗത്തിലെത്തിച്ച് അടിയന്തര ചികിത്സ ലഭ്യമാക്കിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അപകടത്തിൽ രണ്ട് പേർക്ക് പരിക്കേറ്റിട്ടുണ്ട്. സംഭവത്തെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയൻ ആശുപത്രി സന്ദർശിച്ചു. തുടർന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗവും ചേർന്നു.

***********************

## A. K. Saseendran

ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ വന നിയമങ്ങളിർ കാലാനുസൃതമായ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. കോട്ടയം സി എം എസ് കോളേജിൽ വനമഹോത്സവത്തിന്‍റെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വനവത്കരണത്തിന്റെ പ്രാധാന്യം സാധാരണക്കാരിൽ എത്തിക്കുന്നതിൽ വനമഹോത്സവം പോലുള്ള പരിപാടികൾക്ക് പ്രാധാന്യമുണ്ടെന്നും മന്ത്രി പറഞ്ഞു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ പി പുകഴേന്തി പരിപാടിയിൽ അധ്യക്ഷത വഹിച്ചു.

***********************

## National Sports Policy

ദേശീയ കായിക നയം 2025 സംബന്ധിച്ച് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന മാധ്യമ സമ്മേളനം തിരുവനന്തപുരത്ത് നടന്നു. പരിപാടിയിൽ, രാജ്യത്ത് എല്ലാവരെയും ഉൾച്ചേർത്തുള്ള മികച്ച കായിക അന്തരീക്ഷം സൃഷ്ടിക്കുന്ന വിഷയത്തിൽ ചർച്ച നടന്നു. കായിക രംഗത്തെ

വിദഗ്ധർ, മുതിർന്ന ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു .

**********************

## RAIN

കേരളത്തിൽ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

**********************

## CRICKET

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യ മികച്ച നിലയിൽ. രണ്ടാം ദിനം ബാറ്റിംഗ് തുടരുന്ന ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 6 വിക്കറ്റിന് 510 റൺസ് എന്ന നിലയിലാണ്. ക്യാപ്റ്റൻ ശുഭ്മാൻ ഗിലിൻറെ ഇരട്ട സെഞ്ച്വറി മികവിലാണ് ഇന്ത്യ മികച്ച സ്കോറിലെത്തിയത്.

**********************

## HOCKEY-SUB-JR. WOMEN CHAMPIONSHIP

15-ാമത് ദേശീയ സബ് ജൂനിയർ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പിന് ഝാർഖണ്ഡിലെ റാഞ്ചിയിൽ തുടക്കം. ജാർഖണ്ഡ് കായിക മന്ത്രി സുദിവ്യ കുമാർ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. മൂന്ന് ഡിവിഷനുകളിലായി 28 ടീമുകളാണ് ടൂർണമെൻറിൽ മത്സരിക്കുന്നത്. ഈ മാസം 14 നാണ് ഫൈനൽ മത്സരം.

**********************

## LIVERPOOL FOOTBALLER-DEATH

ലിവർപൂൾ ഫുട്ബോൾ താരം ഡിയോഗോ ജോട്ട കാറപകടത്തിൽ മരിച്ചു. 28 വയസായിരുന്നു. സ്പാനിഷ് പ്രവിശ്യയായ സമോറയിൽ ഉണ്ടായ അപകടത്തിൽ, സഹോദരനും ഫുട്ബോൾ താരവുമായ ആൻഡ്രെ സിൽവയും മരിച്ചു. മറ്റൊരു

വാഹനത്തെ മറികടക്കുന്നതിനിടെ ടയർ പൊട്ടിത്തെറിച്ച്, കാറിനു തീ പിടിക്കുകയായിരുന്നു. കഴിഞ്ഞ സീസണിലെ ലിവർപൂളിന്റെ പ്രീമിയർ ലീഗ് കിരീട നേട്ടത്തിൽ ജോട്ടയും പങ്കാളിയായിരുന്നു.

***********************

## ULBs – CONFERENCE

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുടെ ആദ്യ ദേശീയതല സമ്മേളനം ലോക്സഭാ സ്പീക്കർ ഓം ബിർള ഹരിയാനയിലെ മനേസറിൽ ഉദ്ഘാടനം ചെയ്തു. ഭരണഘടനാ ജനാധിപത്യവും രാഷ്ട്രനിർമ്മാണവും ശക്തിപ്പെടുത്തുന്നതിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്നതാണ് രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ പ്രമേയം. ഭരണഘടനാപരമായ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ മുനിസിപ്പൽ ഭരണം കൂടുതൽ ഫലപ്രദമാക്കുക, പൗരന്മാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നിവയുൾപ്പെടെയുള്ള വിഷയങ്ങൾ പ്രതിനിധികൾ ചർച്ച ചെയ്യും.

**********************

************

*****